**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*539.** **19.05.2017 ൽ മറുപടിയ്ക്ക്**

## ലഹരി വിരുദ്ധ ക്ലബ്ബുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അനിൽ അക്കര**<br>**,, ഷാഫി പറമ്പിൽ**<br>**,, എൽദോസ് കുന്നപ്പിള്ളി**<br>**,, വി.ടി.ബൽറാം** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) | സ്കൂൾ/കോളേജുകളിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ 2542 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | പ്രസ്തുത ക്ലബ്ബുകളുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണ്; വിവരിക്കുമോ; | (ബി) | മദ്യത്തിനും മയക്കുമരുന്നിനും പുകയില ഉല്പന്നങ്ങൾക്കുമെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ലഹരി വസ്തുക്കളുടെ ലഭ്യത ഇല്ലാതാക്കുക, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളുണ്ടെങ്കിൽ അവരെ കണ്ടെത്തി ഈ ദുശ്ശീലത്തിൽ നിന്നും പിൻതിരിപ്പിക്കുക, ലഹരി വസ്തുക്കൾക്ക് അടിമകളായവരെ കണ്ടെത്തി അവരെ ബോധവൽക്കരണത്തിലൂടെ മോചിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുക, ചികിത്സ ആവശ്യമുള്ളവർക്ക് അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക മുതലായ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ ലഹരി വസ്തുക്കളുടെ |

| | | | |
|---|---|---|---|
| | | | ഉപഭോഗത്തിൽ നിന്നും പൂർണ്ണമായും പിൻതിരിപ്പിക്കുക എന്നിവയാണ് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ. |
| (സി) | മികച്ച പ്രവർത്തനം നടത്തുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനതലത്തിൽ മികച്ച പ്രവർത്തനം നടത്തുന്ന ക്ലബ്ബിനും അംഗത്തിനും ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് അവാർഡും പ്രശസ്തി പത്രവും നൽകി വരുന്നു. കൂടാതെ മികച്ച ലഹരിവിരുദ്ധ മാഗസിൻ, ലഹരിവിരുദ്ധ സൃഷ്ടികൾ എന്നിവ പ്രസിദ്ധീകരിക്കുന്ന ക്ലബ്ബുകൾക്ക് എല്ലാ വർഷവും അവാർഡും പ്രശസ്തി പത്രവും നൽകി വരുന്നുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**